## 643

പ്രിയനവൻ മമ പ്രിയനവൻ പ്രാണനും തന്നെന്നെ സ്നേഹിച്ചവൻ
പ്രാണനും തന്നെന്നെ സ്നേഹിച്ചവൻ

1 വെണ്മയും ചുവപ്പും കലർന്നവനാം വിൺമയർ വണങ്ങിടും വല്ലഭനാം
പതിനായിരങ്ങളിൽ സുന്ദരനാം എൻപാപഭാരം തീർത്തവനാം
ഇവനെൻ ആത്മസ്നേഹിതനാം-

2 പരിമളം വീശിടുമവൻ നാമം പരമോന്നതമാം തിരുനാമം
പാപികൾക്കാശ്രയമാം നാമം പരമാനന്ദം തരും നാമം
ഇവനെൻ ആത്മസ്നേഹിതനാം-

3 മരുഭൂമിയിൽ ഞാനവൻ മാറിൽ ചാരിടും സീയോൻ യാത്രയിതിൽ
പാറിടും സ്നേഹക്കൊടിക്കീഴിൽ പാർത്തിടും ഞാനിന്നതിൻ നിഴലിൽ
ഇവനെൻ ആത്മസ്നേഹിതനാം-

4 സോദരരെന്നെ മറന്നിടിലും ശോധന പെരുകി വന്നിടിലും
അൻപെഴും കൈകളാലവനെന്നെ അവനിയിൽ കാത്തിടും
കൺമണിപോൽ ഇവനെൻ ആത്മസ്നേഹിതനാം-

5 ആയിരമായിരം ദൂതരുമായ് ആകാശത്തിൽ വരും വിരവിൽ
ആ നിമിഷം ഞാനവനരികിൽ ആകുലമെല്ലാം തീർന്നണയും
ഇവനെൻ ആത്മസ്നേഹിതനാം- **G.P.**